തലശ്ശേരി–പുൽപ്പള്ളി സ്റ്റേഷനാക്രമണ കേസ്സുകൾ

* 9. [10] ശ്രീ. പി. ആർ. മാധവൻപിള്ള
ശ്രീ. മുസ്തഫാ കെമാൽ
ശ്രീ. കെ. കരുണാകരൻ
ശ്രീ. കെ. ടി. ജോർജ്ജ് } താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി–പുൽപ്പള്ളി സ്റ്റേഷനാക്രമണ കേസ്സുകൾ പിൻവലിക്കാൻ ഗവണ്മെൻറിന് ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കേസ്സിലെ ഏതെങ്കിലും പ്രതികളെ കേസ്സിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(സി) കേസ്സുകൾ പിൻവലിക്കാൻ തീരുമാനിച്ചെങ്കിൽ അതു് ഏതു കാരണത്താലാണു്;

(ഡി) പ്രസ്തുത കേസ്സുകളുടെ നടത്തിപ്പിനായി പ്രത്യേകം ഏർപ്പെടുത്തിയിരുന്ന കോടതി നിറുത്തൽ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്):

(എ) തലശ്ശേരി–പുൽപ്പള്ളി സ്റ്റേഷനാക്രമണ കേസ്സുകൾ പിൻവലിക്കാൻ ഗവണ്മെൻറിന് ഉദ്ദേശമില്ല. എങ്കിലും അതിലെ പ്രതികൾക്കെതിരായി ഉന്നയിച്ചിട്ടുള്ള ചാർജ്ജ്ഷീറ്റിലെ വകുപ്പുകളിൽനിന്നും ഗൂഢാലോചനക്കുറ്റം ചുമത്തുന്ന വകുപ്പു് മാറ്റുവാൻ ഗവണ്മെൻറു് തീരുമാനിക്കുകയും അതിനുവേണ്ട ഉത്തരവു് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടു്.

(ബി) പ്രസ്തുത സംഭവത്തോടു് നേരിട്ടു ബന്ധപ്പെടാത്ത ആരെയെങ്കിലും കേസ്സിൽ പ്രതികളാക്കിയിട്ടുണ്ടെങ്കിൽ, അങ്ങിനെയുള്ളവരുടെ പേരിലുള്ള കേസ്സു് പിൻവലിക്കാൻ കോടതിയോടു് അനുമതി ആവശ്യപ്പെടാൻ ഗവണ്മെൻറു് തീരുമാനിച്ചിട്ടുണ്ടു്.

(സി) ആളുകൾ അവരുടെ രാഷ്ട്രീയ ചിന്താഗതികൊണ്ടുമാത്രം ശിക്ഷിക്കപ്പെടരുതെന്നുള്ള ഈ ഗവണ്മെൻറിന്റെ നയത്തിനു് അനുസരണമായി ആണു് പ്രസ്തുത തീരുമാനം എടുത്തതു്.

(ഡി) ഈ കേസ്സുകളുടെ നടത്തിപ്പിലേയ്ക്കു് പ്രത്യേക കോടതിയെ നിയമിച്ചിട്ടില്ല.

മന്ത്രിമാരുടെ സ്വത്തുവിവരങ്ങൾ

* 10. [11] ശ്രീ. കെ. ടി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെ സ്വത്തുവിവരങ്ങൾ എല്ലാം പ്രസിദ്ധപ്പെടുത്തുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ മന്ത്രിമാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പേരിൽ അവർ മന്ത്രിയായ കാലത്തും, ഇപ്പോഴും ഉള്ള സ്വത്തുക്കളുടെ വിവരമെന്തു്?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly